പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1198 | 04.02.2019 ൽ മറുപടിക്ക്

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനിലെ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന പൊതുമേഖല സ്ഥാപനത്തിൽ സെക്ഷൻ എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നടത്തിയ നിയമനത്തിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരമുള്ള സാമുദായിക സംവരണ വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ സെക്ഷൻ എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നടത്തിയ നിയമനത്തിൽ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരമുള്ള സാമുദായിക സംവരണ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത തസ്തികയ്ക്ക് വേണ്ടി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ആവശ്യമായ തൊഴിൽ പരിചയം ഉള്ളവരാണോ എന്ന് ഉറപ്പിക്കാൻ വേണ്ടി ഒരു ക്ലാരിഫിക്കേഷൻ 25.09.2018 ൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ ലഭിച്ചിരുന്നു. |
| (ബി) പ്രസ്തുത തസ്തികയിലേക്കുള്ള ഇന്റർവ്യൂ ബോർഡിൽ സിവിൽ എഞ്ചിനീയറിംഗിൽ പ്രാവീണ്യം നേടിയവർ എത്ര പേരുണ്ടായിരുന്നു; | (ബി) | ഒന്ന് |
| (സി) പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിൽ നടത്തിയ നിയമനങ്ങളിൽ സംവരണ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലായെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ; | (സി) | റാങ്ക് ലിസ്റ്റ് നിലവിലുള്ള സംവരണതത്വം പാലിച്ചുകൊണ്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇത് സംബന്ധിച്ച് ആരുടെയും പരാതി ലഭിച്ചിട്ടില്ല. |
| (ഡി) നിയമനം ലഭിച്ചവർക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ചട്ടവിരുദ്ധമായി അവധി അനുവദിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| (ഇ) | സർക്കാരിന്റെയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ബോർഡിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃത മായാണോ നിയമനം നടത്തിയതെന്ന് വ്യക്തമാക്കാമോ; | (ഇ) | ബോർഡ് അംഗീകരിച്ചിട്ടുള്ള sub delegation of powers പ്രകാരം മാനേജിംഗ് ഡയറക്ടറുടെ അധികാരം ഉപയോഗിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്. |
| (എഫ്) | തികച്ചും സുതാര്യമല്ലാതെ നടത്തിയ പ്രസ്തുത നിയമനം റദ്ദുചെയ്ത് വീണ്ടും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (എഫ്) | പ്രസ്തുത നിയമനം നിലവിലുള്ള നിയമന രീതി പ്രകാരം സുതാര്യമായി നടത്തിയിട്ടുള്ളതിനാൽ റദ്ദ് ചെയ്ത് വീണ്ടും നടത്തേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ